# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### പിറവിക്കാലം : രണ്ടാം ഞായർ
### ലൂക്കാ 2,21–52

"പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്ന ശിമയോന്റെ ജീവിതപ്രത്യേകതകൾ,
നീതിമാൻ ദൈവഭക്തൻ
ഇസ്രായേലിൻെറ ആശ്വാസം പ്രതീക്ഷിച്ചിരുന്നവൻ!"

വചനഭാഗം സമ്മാനിക്കുന്നത് ക്രിസ്തുവിനെ കുറിച്ചുള്ള വിവരണങ്ങളാണെങ്കിലും വചനത്തിൽ നിറഞ്ഞ് നിൽക്കുന്നത് ശിമയോനെയും അന്നയെയും കുറിച്ചുള്ള വിവരണങ്ങൾ കൂടിയാണ്. ശിമയോനെ കുറിച്ച് വചനം പറയുന്നത് ഇപ്രകാരമാണ്,

"ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിൻെറ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവൻെറ മേൽ ഉണ്ടായിരുന്നു. കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു" (ലൂക്കാ 2,25–26).

യേശു
കൂടെയുണ്ടാകും
എന്ന് കരുതി
ഒരു ദിവസം അവർ
യാത്ര ചെയ്തു...
നമ്മുടെയും ജീവിതം
പലപ്പോഴും
ഇപ്രകാരം തന്നെയാല്ലേ?

അന്നയെ കുറിച്ച് പറയുന്നത് ഇപ്രകാരവും;

"ഫനുവേലിൻെറ പുത്രിയും ആഷേർ വംശജയുമായ അന്നാ എന്നൊരു പ്രവാചികയും അവിടെയുണ്ടായിരുന്നു. ഇവൾ കന്യകാപ്രായം മുതൽ ഏഴു വർഷം ഭർത്താവിനോടൊത്തു ജീവിച്ചു. എൺപത്തിനാലു വയസ്സായ ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർഥനയിലും കഴിയുകയായിരുന്നു" (ലൂക്കാ 2,36–37).

ദൈവം മനുഷ്യനായി അവതരിക്കുമ്പോൾ അതിനെ ആദ്യമായി തിരിച്ചറിയുന്നവരാണ് ശിമയോനും അന്നയും. ദൈവത്തെ തിരിച്ചറിയുന്ന ഈ രണ്ട് പേരുടെയും ജീവിതങ്ങളെ ചേർത്തുവച്ച് ഗൃഹപാഠം ചെയ്യുമ്പോൾ ദൈവത്തെയും ദൈവിക ഇടപെടലുകളെയും തിരിച്ചറിയാനുള്ള ചില മാർഗ്ഗങ്ങൾ വെളിപ്പെട്ട് കിട്ടും. ഈ രണ്ട് പേരുടെയും സമപ്രത്യേകതകളിൽ പ്രധാനപ്പെട്ടത്, രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ദേവാലയത്തിൽ അന്തിയുറങ്ങിയവരായിരുന്നു ശിമയോനും അന്നയും. ഇവർ നീതിമാൻമാരും ദൈവഭക്തരും മറ്റുള്ളവരുടെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവരും നന്മ ദർശിക്കാൻ പകത്തിന് വലുതായ ഒരു ഹൃദയത്തിന് ഉടമകളുമായിരുന്നു! ഇന്ന് ദൈവത്തെ തിരിച്ചറിയാൻ, ദൈവീക ഇടപെടലുകളെ വിവേചിച്ചറിയാൻ നമ്മുക്ക് സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം പ്രവാചകൻമാരായ ശിമയോന്റെയും അന്നയുടെയും ജീവിതത്തിൽ നിറഞ്ഞ് നിന്ന ഈ ഗുണവിശേഷണങ്ങൾ നമ്മിൽ ശക്തി പ്രാപിക്കാത്തത് കൊണ്ടാണ്!

പ്രവാചകൻമാരായ ശിമയോന്റെയും അന്നയുടെയും മനസ്സിന്റെ വലുപ്പം മനസ്സിലാകുന്നത് ദൈവിക ഇടപെടുലുകളെ തിരിച്ചറിഞ്ഞ് മറ്റുളളവരുടെ നന്മകളെ തിരിച്ചറിയാനും അതു പ്രഘോഷിക്കാനുമുള്ള തന്മയ

ത്തത്തിലൂടെയാണ്. ഇന്ന്, നമ്മുക്കിലാതെ പോകുന്ന വലിയ നന്മയും ഇത് തന്നെയാണ്; മറ്റുള്ളവരുടെ നന്മകളെ തിരിച്ചറിയാനും തിരിച്ചറിഞ്ഞ നന്മളെ പ്രഘോഷിക്കാനുമുള്ള സാമർത്ഥ്യം! മറ്റുള്ളവരുടെ നന്മകൾ തിരിച്ചറിയാൻ സാധിക്കുന്നില്ലെങ്കിലും അവരുടെ കുറവുകൾ തിരിച്ചറിയുന്നതിലും ശക്തമായി പ്രഘോഷിക്കുന്നതിലും നാം ഒട്ടും കുറവ് വരുത്തുന്നുമില്ല. നാം മറ്റുള്ളവരെ കുറ്റം വിധിക്കുമ്പോൾ അതേ കുറ്റത്താൽ തന്നെ നമ്മളും വിധിക്കപ്പെടുന്നു എന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല. “വിതയ്ക്കുന്നതു മാത്രമെ കൊയ്യാൻ സാധിക്കു” എന്നുള്ള ബാലപാഠം ന ാം പലപ്പോഴും മറന്ന് പോകുന്നു! മറ്റുള്ളവർക്കുമുമ്പിൽ ഒരു വിരൽ ചൂണ്ടുമ്പോൾ ബാക്കിയുള്ള വിരലുകളാൽ നാം നമ്മളെ തന്നെ ചൂണ്ടിയിരിക്കുന്നു എന്ന് തിരിച്ചറിയാൻ സാധിക്കാത്ത മഠയൻമാരായി നമ്മുടെ ജീവിതങ്ങളെ മാറ്റുന്നു.

യുവദമ്പതികൾ ഒരു വാടകവീട്ടിൽ താമസം ആരംഭിച്ചു. പിറ്റേന്ന് രാവിലെ അയൽക്കാരി അലക്കിയ വസ്ത്രങ്ങൾ ഉണക്കാനിടുന്നത് യുവതി ജാലകത്തിലൂടെ കണ്ടു. അലക്കിയിട്ടും ആ വസ്ത്രങ്ങളൊന്നും നല്ലതു പോലെ വൃത്തിയായിട്ടില്ലെന്ന് യുവതിക്ക് തോന്നി.

“നന്നായി അലക്കേണ്ട രീതി ആ സ്ത്രീക്കറിയില്ലായിരിക്കാം. ഒരു പക്ഷേ, അവൾക്ക് നല്ല ബാർസോപ്പ് ഉണ്ടാവില്ല.”

എന്നൊക്കെ, അയൽക്കാരി വസ്ത്രം അലക്കിയിടുമ്പോഴെല്ലാം ജനലിനിപ്പുറം നിന്ന് അവൾ ഭർത്താവിനോട് പരിഹാസപൂർവ്വം പറയും. ഭാര്യയുടെ സംസാരത്തോട് ഭർത്താവ് പ്രതികരിച്ചില്ല.

ഒരു മാസത്തിനുശേഷം അഴയിൽ നല്ല വൃത്തിയുള്ള വസ്ത്രം കണ്ട് ആശ്ചര്യത്തോടെ അവൾ ഭർത്താവിനോട് പറഞ്ഞു:

“നോക്കൂ... അവൾ ഇന്ന് നല്ലതുപോലെ അലക്കാൻ പഠിച്ചിരിക്കുന്നു. എനിക്ക് അത്ഭുതം തോന്നുന്നു; ആരെങ്കിലും ഇന്നലെ അവളെ അലക്കാൻ പഠിപ്പിച്ചുവെന്ന്.”

ഇതുകേട്ട് ഭർത്താവ് ഭാര്യയോട് പറഞ്ഞു:

“ഇന്ന് നീ ഉണരും മുമ്പ് ഞാൻ എഴുന്നേറ്റ് നമ്മുടെ ജനൽച്ചില്ലുകൾ വൃത്തിയാക്കി.”

ഇതു കേട്ട യുവതിയുടെ വായടഞ്ഞു പോയി. അവൾക്ക് പിന്നെയൊന്നും പറയാനുണ്ടായിരുന്നില്ല. തന്റെ അയൽക്കാരിയിൽ യുവതി കുറ്റം കണ്ടെത്തുന്നതിന് കാരണം അവളുടെ വീട്ടിലെ പൊടിപിടിച്ച ജാലകത്തിന്റെ പ്രശ്നമാണ്. നിറം മങ്ങിയ ചില്ലുജാലകത്തിലൂടെ അവൾ കാണുന്നവയെല്ലാം നിറം മങ്ങിയിരുന്നു. നാം മറ്റുള്ളവരെ കാണുന്നത് നമ്മുടെ മുന്നിലുള്ള ജനൽപ്പാളിയുടെ തെളിമ ആശ്രയിച്ചല്ലേ? അഴുക്കു പുരണ്ട ജാലകത്തിലൂടെ നോക്കിയാൽ യഥാർത്ഥ തെളിമ തിരിച്ചറിയാൻ കഴിയണമെന്നില്ല. ചുരുക്കത്തിൽ, മഞ്ഞപിത്തമുള്ള കണ്ണുകളിലൂടെ നോക്കിയാൽ എല്ലാം മഞ്ഞയായെ കാണു എന്നുള്ള സത്യം നാം ഒരിക്കലും വിസ്മരിച്ചുകൂട.

പ്രവാചകനായ ശിമയോൻ ക്രിസ്തുവിനെ കൈകളിലെടുത്തു കൊണ്ട് നടത്തുന്ന പ്രവചനം ഇപ്രകാരമാണ്;

“കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തെന്നാൽ, സകല

**ജീവിത യാത്രയിൽ കൂടെയുണ്ടാകും എന്നു കരുതിയ ക്രിസ്തുവിനെ നഷ്ടപ്പെട്ടാൽ, അവനെ വീണ്ടെടുക്കണമെങ്കിൽ അവൻ കൂടെയില്ലായെന്ന് തിരിച്ചറിയാൻ സാധിക്കണം!**

ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതീയർക്കു വെളിപാടിൻെറ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിൻെറ മഹിമയും ആണ്. അവനെക്കുറിച്ചു പറയപ്പെട്ടതെല്ലാം കേട്ട് അവൻെറ പിതാവും മാതാവും അദ്ഭുതപ്പെട്ടു. ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അവൻെറ അമ്മയായ മറിയത്തോടു പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിൻെറ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ 2,30-35).

ക്രിസ്തുവിനെ കുറിച്ചുള്ള ശിമയോന്റെ വാഗ്ദാനം സന്തോഷം നൽകുന്ന ഒന്നാണ്. എന്നാൽ, ശിമയോൻ നടത്തുന്നത് ക്രിസ്തുവിനെ കുറിച്ചുള്ള പ്രവചനം മാത്രമല്ല. മറിച്ച്, ക്രിസ്തുവിന്റെ അമ്മയായ മറിയത്തെ കുറിച്ചുള്ള പ്രവചനം കൂടെയാണ്. ശിമയോൻ പറയുന്നു; "നിൻെറ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ 2,35). മറിയത്തിന്റെ ഹൃദയത്തിലൂടെ കടന്നുപ്പോയ വാൾ ഏതാണെന്ന് നമ്മുക്കറിയാം. മകന്റെ കുരിശിൻചുവട്ടിൽ നിൽക്കുന്ന അമ്മയും അവസാനം മകന്റെ മരണം നനുത്ത വിറങ്ങലിച്ച ശരീരം മടിയിൽ കിടത്തേണ്ടിയും വരുന്ന അമ്മ! ദൈവത്തിന്റെ അമ്മയാകാൻ ദൈവം മറിയത്തെ തിരഞ്ഞെടുത്തപ്പോൾ തന്നെ ദൈവം മറിയത്തിന് ഒരുക്കി വച്ച വാൾ. എന്നിട്ടും, മറിയം ഈ തിരഞ്ഞെടുപ്പിനെ സന്തോഷത്തോടെ സ്വീകരിച്ചു! ദൈവിക പദ്ധതിയോട് "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,37) എന്ന് ഫിയാത്ത് പറഞ്ഞു. ഇവിടെയാണ് മറിയം എന്നുള്ള സ്ത്രീയുടെ മഹത്വം വെളിവാകുന്നത്.

"അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു..." ബുദ്ധികൊണ്ട് ഗ്രഹിക്കാൻ സാധിക്കാത്തവ ഹൃദയത്തിൽ സൂക്ഷിച്ച് ധ്യാനവിഷയമാക്കുന്ന അമ്മ യഥാർത്ഥ മാതൃക തന്നെയാണ്!

ദേവാലയത്തിൽ വച്ച് മകനെ നഷ്ടപ്പെടുന്ന അമ്മ ഉത്കണ്ഠയോടെ മകന്റെ അടുത്ത് ചോദിക്കുന്ന ചോദ്യം; "മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിൻെറ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2,48). ഇതിന്, മകൻ പറയുന്ന മറുപടി; "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എൻെറ പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2,49). ക്രിസ്തുവിന്റെ ഈ ചോദ്യത്തെ മറ്റൊരു വിധത്തിൽ ചോദിച്ചാൽ; "നിങ്ങൾ എവിടെയാണ് എന്നെ അന്വേഷിച്ചത്?" ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യാൻ വന്നവൻ ദേവാലയത്തിൽ വച്ച് നഷ്ടപെട്ടാൽ നഷ്ടപ്പെട്ട സ്ഥലത്ത് അന്വേഷിക്കണം. അല്ലാതെ, ഇഷ്ടമുള്ളടത്തല്ല അന്വേഷിക്കേണ്ടത്.

" എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച്
വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ.
വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല."

ഹെബ്രാ 12,14

ഫാ. ജോബി മേനോത്ത്
+91 944 7777 931